# തിരുവനന്തപുരം വിദ്യാഭ്യാസ ജില്ല

## സ്റ്റാൻഡേർഡ് X

## ജീവശാസ്ത്രം മാതൃകാ ചോദ്യപേപ്പർ 1

## ( അറിയാനും പ്രതികരിക്കാനും & അറിവിന്റെ വാതായനങ്ങൾ)

സ്കോർ : 20 സമയം 45 മിനിറ്റ്

---

**I. a മുതൽ c വരെ ചോദ്യങ്ങൾക്ക് 1 സ്കോർ വീതം (4x1=4)**

a) പദജോഡി ബന്ധം തിരിച്ചറിഞ്ഞ് വിട്ടുപോയ വാക്ക് പൂരിപ്പിക്കുക.

സംവേദ നാഡി : ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും സന്ദേശങ്ങൾ മസ്തിഷ്കത്തിലേക്കും സുഷുമ്നയിലേക്കും എത്തിക്കുന്നു.

.................... : തലച്ചോറ്, സുഷുമ്ന എന്നിവയിൽനിന്നും സന്ദേശങ്ങൾ ശരീരത്തിലെ വിവിധ ഭാഗങ്ങളിൽ എത്തിക്കുന്നു.

b) ഒറ്റപ്പെട്ടത് ഏതെന്ന് കണ്ടെത്തി മറ്റുള്ളവയുടെ പൊതുവായ പ്രത്യേകത എഴുതുക.

1. ഡെൻഡ്രൈറ്റ്, സിനാപ്റ്റിക് നോബ്, ആക്സോൺ, തലാമസ്, ഡെൻഡ്രോൺ.
2. നിശാന്ധത, അപസ്മാരം, സിറോഫ്താൽമിയ, വർണാന്ധത.

c)ചുവടെ കൊടുത്തിരിക്കുന്നവയിൽ നിന്നും ശരിയായ പ്രസ്താവന ഏതെന്ന് കണ്ടെത്തുക.

1) വിറ്റാമിൻ ഡി യുടെ അപര്യാപ്തത റെറ്റിനാലിന്റെ അളവ് കുറയ്ക്കാൻ ഇടയാക്കുന്നു.
2) അന്ധബിന്ദുവിലാണ് പ്രതിബിംബത്തെ ഏറ്റവും തെളിമയുള്ളത്.
3) രാസഗ്രാഹികൾ രുചി തിരിച്ചറിയാൻ സഹായിക്കുന്നു.

tvpmedn dist

II. a മുതൽ c വരെ ചോദ്യങ്ങൾക്ക് 2 സ്കോർ വീതം (3x2=6)

a) രണ്ടു വ്യക്തികളുടെ രോഗലക്ഷണങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

**A**

കേവല ഓർമ്മകൾ പോലും ഇല്ലാതാവുക, കൂട്ടുകാരെയും ബന്ധുക്കളെയും തിരിച്ചറിയാൻ കഴിയാതെ വരിക

**B**

ശരീര തുലനനില നഷ്ടപ്പെടുക ,പേശികളുടെ ക്രമരഹിതമായ ചലനം, ശരീരത്തിനു വിറയൽ

i) A ,B എന്നീ വ്യക്തികളുടെ രോഗങ്ങൾ ഏതെന്നു തിരിച്ചറിയുക. 1/2+1/2 =1

ii) ഏത് നാഡീയപ്രേക്ഷകത്തിന്റെ ഉൽപാദനത്തിലെ കുറവാണ് B എന്ന വ്യക്തിയുടെ രോഗത്തിന് കാരണമായിത്തീരുന്നത് ? 1

b) കാഴ്ചയുമായി ബന്ധപ്പെട്ട ഫ്ലോചാർട്ട് പൂർത്തിയാക്കുക

പ്രകാശം ▶ A ▶ അക്വസ് ദ്രവം ▶ പ്യൂപ്പിൾ ▶

▶ B ▶ വിട്രിയസ് ദ്രവം ▶ C ▶

▶ ആവേഗം ▶ D ▶ സെറിബ്രം ▶

കാഴ്ച എന്ന അനുഭവം

1/2+1/2+1/2+1/2=2

c) A കോളത്തിനനുസരിച്ച് B കോളം ക്രമീകരിച്ച് എഴുതുക.

| A | B |
|---|---|
| ഡെൻഡ്രൈറ്റ് | ഡെൻഡ്രൈറ്റിൽ നിന്നും ആവേഗങ്ങളെ കോശ ശരീരത്തിൽ എത്തിക്കുന്നു |
| ഡെൻഡ്രോൺ | തൊട്ടടുത്ത ന്യൂറോണിൽ നിന്നും സന്ദേശങ്ങൾ സ്വീകരിക്കുന്നു |
| ആക്സോൺ | .നാഡീയപ്രേഷകം സ്രവിക്കുന്നു |
| സിനാപ്റ്റിക് നോബ് | കോശ ശരീരത്തിൽ നിന്നും ആവേഗങ്ങളെ പുറത്തേക്ക് സംവഹിക്കുന്നു |

1/2+1/2+1/2+1/2=2

III. **a, b എന്നീ ചോദ്യങ്ങൾക്ക് 3 സ്കോർ വീതം** **(2x3=6)**

a)ചിത്രം നിരീക്ഷിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യത്തിന് ഉത്തരം എഴുതുക.



A



B

i) A ,B എന്നിവ തിരിച്ചറിയുക 1/2+1/2

ii) A യിൽ അടങ്ങിയിരിക്കുന്ന കാഴ്ചാവർണകം ഏത്? 1

iii) ബി യുമായി ബന്ധപ്പെട്ട കാഴ്ചയുടെ തകരാർ ഏത്? 1

b) ബോക്സിൽ നൽകിയിരിക്കുന്ന പദങ്ങളും പ്രസ്താവനകളും വിശകലനം ചെയ്ത് ഉദാഹരണത്തിൽ കാണിച്ചിരിക്കുന്നതുപോലെ ഉചിതമായ ജോഡികൾ രൂപപ്പെടുത്തുക.

| |
|---|
| **ഹൈപ്പോതലാമസ് , ഇന്ദ്രിയാനുഭവങ്ങൾ ഉളവാക്കുന്നു, ആവേഗ പുന:പ്രസരണ കേന്ദ്രം, സെറിബെല്ലം ,തലാമസ് ,ശരീരതുലനനില പാലിക്കുന്നു , ആന്തരസമസ്ഥിതി പരിപാലനം,സെറിബ്രം.** |

Eg: സെറിബ്രം - ഇന്ദ്രിയാനുഭവങ്ങൾ ഉളവാക്കുന്നു.

i) 1

ii) 1

iii) 1

**IV ചിത്രം പകർത്തി വരച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (4 മാർക്ക്). (1x4=4)**

tvpmednet



Redraw 1 score

i) ദൃഢപടലത്തിന്റെ സുതാര്യമായ മുൻഭാഗം. 1

ii) കോർണിയയുടെ പിൻഭാഗത്തായി കാണുന്ന രക്തപടലത്തിന്റെ ഭാഗം 1

iii) പ്രകാശ ഗ്രാഹീ കോശങ്ങളിൽ നിന്നുള്ള ആവേഗങ്ങൾ മസ്തിഷ്കത്തിലെ
കാഴ്ചയുടെ കേന്ദ്രത്തിലേക്ക് കൊണ്ടുപോകുന്നു. 1

tvpmednl dist